CATCH-MORE—EAT-MORE—FISH CAMPAIGN

* ന്യ വ ൪. (ഫ്ന) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) കേന്ദ്രഗവണ്മെണ്ടിന്റെ Catch more eat more fish Campaign-ൽ മദ്രാസും ബോംബെയും സ്റ്റേറ്റുകൾ ചേർന്നിട്ടുള്ളതുപോലെ നമ്മുടെ സ്റ്റേറ്റ് ചേർന്നിട്ടുണ്ടോ;

(ബി) 'എ'ക്കുത്തരം 'ഉണ്ട്' എന്നാണെങ്കിൽ അതനുസരിച്ച് എന്തെല്ലാം പ്രവർത്തനങ്ങൾ ഇവിടെ നടത്തിയിട്ടുണ്ട്;

(സി) 'എ'ക്കുത്തരം 'ഇല്ല' എന്നാണെങ്കിൽ അതിനു കാരണമെന്താണ്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇല്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) ഇങ്ങനെയൊരു പ്രസ്ഥാനം ഉള്ളതായി ഗവണ്മെണ്ടിനെ അറിയിച്ചിട്ടില്ല.

*ന്യ വ ന്യ & ന്യ വ൯ * * *

വളം

* ന്യ വ്യ. (ഉ ഠ) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ കൃഷിക്കു ആവശ്യമായ വളം ഏതാണ്ടു മുഴുവനായി വിതരണം ചെയ്യുന്നതു;

(ബി) ആ വിതരണക്കുത്തക ഒരു വ്യക്തിക്കോ കമ്പനിക്കോ കൊടുക്കുവാൻ കാരണമെന്തു?

വിദ്യാഭ്യാസവും, തൊഴിലും, ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കൃഷി ഡിപ്പാർട്ടുമെണ്ടിന്റെ മേൽനോട്ടത്തിൽ, "ദി മലബാർ ഫെർട്ടിലൈസേഴ്സു ആൻഡ് ഇൻഡസ്ട്രീസ്" വക ഫാക്ടറിയിലും, കൊച്ചിൻ പ്രദേശത്തെ ഡിപ്പാർട്ടുമെൻറ ഡിപ്പോകളിലും വളം കൂട്ടിച്ചേർക്കുന്നു. വിതരണം നടത്തുന്നതു കൃഷി ഡിപ്പാർട്ടുമെൻറാണു.

(ബി) ഈ വളത്തിന്റെ വിതരണക്കുത്തക ഒരു കമ്പനിക്കോ വ്യക്തിക്കോ കൊടുത്തിട്ടില്ല. കൃഷി ഡിപ്പാർട്ടുമെണ്ടുവക ഡിപ്പോകളും, ഏജൻസി ഡിപ്പോകളും മുഖാന്തിരമാണ് വിതരണം നടത്തുന്നതു.

ശ്രീ. എൻ. പി. വട്ടിസ്. കൂട്ടുവളം വിതരണം ചെയ്യുന്നതു് ഏതു രീതിയെ അടിസ്ഥാനപ്പെടുത്തിയാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു പല രീതിയിലും വിതരണം ചെയ്യുന്നുണ്ട്.

ശ്രീ. എൻ. പി. വട്ടിസ്: ഓരോ സ്ഥലങ്ങളിലുമുള്ള മണ്ണിന്റെ ഗുണമനുസരിച്ചാണോ ഈ വളം വിതരണം ചെയ്യുന്നതു?

ശ്രീ. ടി. കെ. നാരായണപിള്ള: മിക്കവാറും അങ്ങനെതന്നെ.

ശ്രീ. എൻ. പി. വട്ടിസ്: എല്ലാ താലൂക്കുകളിലുമുള്ള മണ്ണിന്റെ ഗുണദോഷങ്ങളെപ്പറ്റി പരിശോധിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: മിക്ക സ്ഥലങ്ങളിലും പരിശോധന നടത്തിയിട്ടുണ്ട്.

ശ്രീ. പി. കെ. ഡീവർ: വളം കൂട്ടുചേർക്കുന്നതിനു് എന്തു ചിലവു വരുമെന്നു് കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: എന്തു ചിലവു വരുമെന്നുള്ള കണക്കു എന്റെ കൈവശമില്ല. പക്ഷെ ഒരു തുക അതിനുവേണ്ടി ചിലവാകുന്നുണ്ടു്.

ശ്രീ. പി. കെ. ഡീവർ: മേല്പറഞ്ഞ കമ്പനികളിൽ നിന്നും വിതരണം ചെയ്യുന്ന വളവും ഇവിടത്തെ പ്രൈവറ്റ് ഏജൻസികളിൽനിന്നും വില്ക്കുന്ന വളവും തമ്മിൽ എന്തു വില വ്യത്യാസം വരുമെന്നു നോക്കിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: വില വ്യത്യാസം ഉണ്ടായാലും ഇല്ലെങ്കിലും ആ വിവരങ്ങളും എന്റെ കൈവശമില്ല.

ശ്രീ. ഏ. താണുപിള്ള: കൃഷിക്കാവശ്യമുള്ള ഈ വളങ്ങൾ കൂട്ടുചേർക്കാതെ കൊടുക്കുന്നതിനു എന്തു തടസ്സമാണു് ഉള്ളതെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ കൊടുക്കുന്നതിനു ഗവൺമെണ്ടു് ആലോചിച്ചുവരികയാണു്.

ശ്രീ. കെ. അയ്യപ്പൻ: വളം കൂട്ടുചേർക്കാതെ കൊടുക്കുകയാണെങ്കിൽ അതിൽ പല ദോഷങ്ങളും ഉണ്ടാകാനിടയുണ്ടെന്നു് മുൻപു ഒരവസരത്തിൽ ഗവൺമെണ്ടു പറഞ്ഞിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: കൂട്ടുചേർത്തു് കൊടുക്കാൻ എന്താണു് കാരണം?

ശ്രീ. ടി. കെ. നാരായണപിള്ള: കൂട്ടുചേർക്കാതെ പ്രത്യേകം പ്രത്യേകമായി ഓരോ ഇനം വളങ്ങളും വിതരണംചെയ്യുകയാണെങ്കിൽ കരിഞ്ചന്തവ്യാപാരം വർദ്ധിക്കാൻ ഇടയുണ്ടു്. അതുകൊണ്ടാണു് കൂട്ടുചേർത്തുകൊടുക്കുന്നതു്.

ശ്രീ. പി. നാണു: ഈ വളം കൂട്ടുചേർത്തു വില്ക്കണമെന്നു് ഗവൺമെണ്ടിനെ ഉപദേശിച്ചതാരാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: കൃഷി ഡിപ്പാർട്ടുമെന്റു് ഡയറക്ടറാണു്.

ശ്രീ. പി. നാണു: ഈ ഉദ്യോഗസ്ഥൻ ഇപ്പോഴും സർവ്വീസിലുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്.

ശ്രീ. എം. ഐ. പോൾ: കൂട്ടുചേർത്തു് വളം വിതരണം ചെയ്യുന്നതു് പ്രയോജനകരമല്ലെന്നു് ഗവൺമെണ്ടിനു ബോദ്ധ്യമായിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ ബോദ്ധ്യമായിട്ടില്ല.

ശ്രീ. പി. കെ. ഡീവർ: മുൻപു ഈ മാതിരി വളം കൂട്ടുചേർത്തു് വിതരണം ചെയ്യുന്ന പതിവു് തിരുവിതാംകൂറിലുണ്ടായിരുന്നോ?

ശ്രീ. ടി. കെ. നാരായണപിള്ള: മുൻപു ഇല്ലായിരുന്നു.

കാളറായും മസൂരിയും

*നമ്പർ (ചോ) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ.—

(എ) ഇക്കഴിഞ്ഞ ആറുമാസത്തിനകം ഈ സംസ്ഥാനത്തു കാളറാ, മസൂരി മുതലായ രോഗങ്ങൾ പിടിപെട്ടു എത്രപേർ മരിച്ചിട്ടുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly